**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണവും അദ്ധ്യാപക വേതനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ വിധിന്യായപ്രകാരം അദ്ധ്യാപകരുടെ നിയമനങ്ങൾ അഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ വിധിന്യായം അടിസ്ഥാനപ്പെടുത്തി നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് സ.ഉ. (കൈ)നം.29/2023/പൊ.വി.വ. തീയതി: 24/03/2023 ഉത്തരവും അനുബന്ധ മറ്റ് ഉത്തരവുകൾ/ സർക്കുലറുകൾ പ്രകാരവും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.സുപ്രീംകോടതിയിലും, ഹൈക്കോടതിയിലും നിലനില്ക്കുന്ന ഹർജികളിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ബഹു.കോടതി, സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനങ്ങൾ അംഗീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | എയഡഡ് മേഖലയിലെ അൺ-എക്കണോമിക് ആയിട്ടുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കിട്ടി കൊണ്ടിരിക്കുന്ന ദിവസവേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ